ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഓപ്പറേഷൻ സിന്ദൂറിലൂടെ പഹൽഗാം ഭീകരാക്രമണത്തിന് ശക്തമായ മറുപടി നൽകി ഇന്ത്യ. ഒൻപത് പാക് ഭീകര കേന്ദ്രങ്ങളിൽ ഇന്ത്യൻ സേന പ്രത്യാക്രമണം നടത്തി.

   **India Army carries out Military "Operation Sindoor" on nine terror targets of Pakistan and Pakistan-occupied Jammu and Kashmir.**

2) ഭീകരത്താവളങ്ങളെ കൃത്യമായി ലക്ഷ്യമിട്ടാണ് ആക്രമണമെന്ന് സൈന്യം. സമാധാനം തകർക്കാനുള്ള ശ്രമങ്ങൾക്ക് നൽകിയ ഉചിതമായ മറുപടിയാണിതെന്ന് വിദേശകാര്യ മന്ത്രാലയം.

   **Defence Ministry said that its actions hitting terrorist infrastructure in Pakistan and Pakistan-occupied Jammu and Kashmir have been focused, measured and non-escalatory in nature. No Pakistani military facilities have been targeted. India exercised its right to respond and pre-empt cross-border attack, Foreign Ministry said.**

3) നിയന്ത്രണരേഖയിലെ പാക് ഷെല്ലാക്രമണങ്ങളിൽ 9 പേർ കൊല്ലപ്പെട്ടു, ശക്തമായ തിരിച്ചടി നൽകി ഇന്ത്യൻ സേന. അതിർത്തി മേഖലയിൽ അതീവ ജാഗ്രത . ശ്രീനഗർ വിമാനത്താവളം അടച്ചു.

**The Pakistan army today resorted to heavy artillery and mortar shelling targeting forward villages along the Line of Control , leaving nine people. The Indian Army is responding to the shelling in a befitting manner. The Indian Air Force has confirmed the closure of the airfield at Srinagar Airport.**

4) ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. സുരക്ഷാകാര്യ മന്ത്രിസഭ സമിതി ഇന്ന് യോഗം ചേരും

**Union Home Minister Amit Shah said that the safety and security of civilians remain the government's top priority. Cabinet committee on Security will hold a meeting today.**

5) രാജ്യത്തെ സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന് സംസ്ഥാനങ്ങളിൽ ഇന്ന് മോക്ക് ഡ്രിൽ. കേരളത്തിൽ മോക്ക് ഡ്രിൽ വൈകുന്നേരം നാലിന്.

**Civil Defence Mock Drills to be conducted across the country today. Kerala to conduct mock drill at 4 p.m.**

6) ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

In IPL Cricket, Kolkata Knight Riders will take on Chennai Super Kings today.

&&&&&&&&&&&&&&&&&&

## OPERATION SINDOOR GL (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ പഹൽഗാം ഭീകരാക്രമണത്തിന് ശക്തമായ മറുപടി നൽകി ഇന്ത്യ. പാകിസ്ഥാനിലെയും, പാക് അധിനിവേശ കശ്മീരിലെയും 9 ഭീകര കേന്ദ്രങ്ങളിൽ ഇന്ത്യൻ സേന ഇന്നലെ അർദ്ധരാത്രി പ്രത്യാക്രമണം നടത്തി. രാത്രി 1.05 നും 1.30 നും ഇടയിലാണ് പ്രത്യാക്രമണം നടത്തിയതെന്ന് ഓപ്പറേഷൻ സിന്ദൂറിൻറെ വിശദാംശങ്ങൾ പങ്കുവച്ചുകൊണ്ട് സൈനിക വൃത്തങ്ങൾ അറിയിച്ചു. ഭീകരരുടെ താവളങ്ങളെ കൃത്യമായി കേന്ദ്രീകരിച്ചാണ് ആക്രമണം നടന്നത്. പാക് സൈനിക കേന്ദ്രങ്ങളെ ഓപ്പറേഷൻ സിന്ദൂറിൽ ലക്ഷ്യമിട്ടിരുന്നില്ല. ആർമി കേണൽ സോഫിയ ഖുറേഷിയും, എയർഫോഴ്സ് വിങ് കമാൻഡർ വ്യോമിക സിങ്ങുമാണ് സൈനിക നടപടിയുടെ വിശദാംശങ്ങൾ മാധ്യമങ്ങളോട് വിശദീകരിച്ചത്. കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായി പാകിസ്ഥാൻ ഭീകരതയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുകയായിരുന്നു എന്നും, പ്രത്യാക്രമണത്തിലൂടെ തകർത്ത ഭീകര കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ പങ്കുവച്ചുകൊണ്ട് ഇരുവരും വ്യക്തമാക്കി.

(ഹോൾഡ്)

26 പേരുടെ ജീവൻ കവർന്ന പഹൽഗാം ഭീകരാക്രമണം നടന്നിട്ട് 15 ദിവസങ്ങൾ പിന്നിടുമ്പോളാണ് ഇന്ത്യയുടെ പ്രത്യാക്രമണം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തത്സമയ നിരീക്ഷണത്തിലാണ് ഓപ്പറേഷൻ സിന്ദൂർ നടന്നത്.

&&&&&&&&&&&&&&&&&&

## VIKRAM MISRI -INTRO

കാശ്മീരിലെയും ഇന്ത്യയിലെയും സമാധാനം തകർക്കാനുള്ള ശ്രമമാണ് നടന്നതെന്നും ഇതിനുള്ള ഉചിതമായ മറുപടിയാണ് ഇന്ത്യൻ സേന നൽകിയതെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. ഭീകരവാദികളുമായുള്ള പാകിസ്ഥാൻറെ ബന്ധം പൂർണമായും വെളിപ്പെടുത്തുന്നതാണ് പഹൽഗാം ആക്രമണമെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്ത് കൂടുതൽ ഭീകരാക്രമണങ്ങൾക്ക് പദ്ധതിയിടുന്നതായ ഇൻറലിജൻസ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശക്തമായ മറുപടി അനിവാര്യമായിരുന്നെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഭീകരസംഘടനയായ ലഷ്കർ ഇ തോയ്ബയുമായി ബന്ധമുള്ള റെസിസ്റ്റൻസ് ഫ്രണ്ട് ആക്രമണത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുത്തത്, ഇതിനു പിന്നിലെ പാക് ബന്ധം വ്യക്തമാക്കുന്നതായും വിക്രം മിസ്രി വ്യക്തമാക്കി. പഹൽഗാമിൻറെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര രക്ഷാസമിതി

പുറത്തിറക്കിയ മാധ്യമപ്രസ്താവനയിൽ നിന്നും റെസിസ്റ്റൻസ് ഫ്രണ്ടിൻറെ പേര് ഒഴിവാക്കാൻ പാകിസ്ഥാൻ നടത്തിയ ശ്രമങ്ങൾ അവഗണിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

വിദേശകാര്യ മന്ത്രാലയവും സൈന്യവും ന്യൂഡൽഹിയിൽ നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിലാണ് ഇക്കാര്യങ്ങൾ വിശദീകരിച്ചത്. ഓപ്പറേഷൻ സിന്ദൂറിൻറെ പശ്ചാത്തലത്തിൽ

സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി സുരക്ഷാകാര്യ മന്ത്രിസഭ സമിതി ഇന്ന് യോഗം ചേരുന്നുണ്ട്.

&&&&&&&&&&&&&&&&&&

**LOC**

നിയന്ത്രണ രേഖയ്ക്ക് സമീപം പാകിസ്ഥാൻ സേന നടത്തിയ വെടിവയ്പ്പിലും, ഷെല്ലാക്രമണത്തിലും 9 പേർ കൊല്ലപ്പെട്ടു. പൂഞ്ച് മേഖലയിലടക്കം 41 പേർക്ക് പരിക്കേറ്റതായും പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. . ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിക്കുകയാണ്. അതി ർത്തിമേഖലയിലെ എല്ലാ വ്യോമ പ്രതിരോധ യൂണിറ്റുകളും സ ജീവമാണെന്നും, ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്നും

പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&

## SHAH – OMAR ABDULLAH

ഓപ്പറേഷൻ സിന്ദൂരിനെ തുടർന്നുള്ള സുരക്ഷാ സാഹചര്യത്തെക്കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുമായും മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായും ചർച്ച ചെയ്തു. അതിർത്തി പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ബിഎസ് എഫിന് നിർദ്ദേശം നൽകിയതായി ശ്രീ അമിത് ഷാ വ്യക്തമാക്കി. സാധാരണക്കാരുടെ സുരക്ഷ സർക്കാരിന്റെ പ്രഥമ പരിഗണനയാണെന്ന് അദ്ദേഹം പറഞ്ഞു. അവധിയിലുള്ള സേനാംഗങ്ങളെ വിളിക്കാനും കേന്ദ്ര ആഭ്യന്തര മന്ത്രി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&&

## OPERATION SINDOOR – REAX

പഹൽഗാമിൽ നിരവധി സാധാരണക്കാരെ കൊലപ്പെടുത്തിയ ഹീനമായ പ്രവർത്തിക്കുള്ള മറുപടിയാണ് ഓപ്പറേഷൻ സിന്ദൂറെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പ്രതികരിച്ചു . ഇന്ത്യൻ ജനതയ്ക്കെതിരായ ആക്രമണങ്ങൾക്ക് ശക്തമായ മറുപടി നൽകുമെന്ന, മോദി സർക്കാരിൻറെ നിശ്ചയദാർഢ്യത്തിൻറെ തെളിവാണിതെന്നും അദ്ദേഹം പറഞ്ഞു. ശക്തമായ നടപടിയിൽ രാജ്യരക്ഷാമന്ത്രി

രാജ്നാഥ് സിങ്ങ് ഇന്ത്യൻ സേനയെ അഭിനന്ദിച്ചു. ഭീകരവാദത്തിനെതിരെ ലോകം വിട്ടുവീഴ്ചയില്ലാ മനോഭാവം പുലർത്തണമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ പറഞ്ഞു. ഭീകരവാദത്തെ ഉന്മൂലനം ചെയ്യാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ജെ പി നഡ്ഡ പ്രതികരിച്ചു. ഇന്ത്യൻ സേനയെ ഓർത്ത് അഭിമാനം കൊള്ളുന്നതായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സമൂഹമാധ്യമത്തിൽ കുറിച്ചു. പാകിസ്ഥാൻറെ ഭീകരപ്രവർത്തനത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത മനോഭാവമാണ് ഇന്ത്യൻ നയമെന്ന് രാജ്യസഭാ പ്രതിപക്ഷനേതാവ് മല്ലികാർജ്ജുൻ ഖർഗെ പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

**SINDOOR – REAX– CMS**

ഓപ്പറേഷൻ സിന്ദൂറിനെ സംസ്ഥാന മുഖ്യമന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളും അഭിന്ദിച്ചു. തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ, ആന്ധ്രാ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി തുടങ്ങിയവർ സൈനിക നടപടിക്ക് അഭിവാദ്യം അറിയിച്ചു.

&&&&&&&&&&&&&&&&&&

**ARATHY REACTION INTRO**

പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് തക്കതായ മറുപടിയാണ് ഇന്ത്യ നൽകിയതെന്ന് ഭീകരാക്രമണത്തിന് ഇരയായ ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രൻറെ മകൾ ആരതി. ഇന്ത്യക്കാരി എന്ന നിലയിൽ അഭിമാനിക്കുന്നതായും ഇത്തരം ഒരു തിരിച്ചടി ആശ്വാസം നൽകുന്നതായും ആരതി പ്രതികരിച്ചു.

(ഹോൾഡ് വോയ്സ്..........)

&&&&&&&&&&&&&&&&&&

**JK-SITUATION**

ഓപ്പറേഷൻ സിന്ദൂരിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ അതിർത്തി മേഖലകളിൽ കനത്ത ജാഗ്രത. ശ്രീനഗർ വിമാനത്താവളം അടച്ചതായി വ്യോമസേന അറിയിച്ചു ശ്രീനഗറിൽ നിന്നുള്ള എല്ലാ വിമാന സർവ്വീസുകളും റദ്ദാക്കി. ശ്രീനഗർ, ലേ, ജോദ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഡ്, രാജ്കോട്ട് എന്നിവിടങ്ങളിലെ വിമാനസർവീസുകൾ ഈ മാസം 10വരെ നിർത്തിവച്ചതായി എയർ ഇന്ത്യ അറിയിച്ചു. യാത്ര പുനക്രമീകരിക്കുന്നതിന് പണം ഈടാക്കില്ലെന്നും കാൻസൽ ചെയ്യുന്നവർക്ക് തുക മുഴുവനായി നൽകുമെന്നും എയർ ഇന്ത്യ അറിയിച്ചു. ധർമശാല, ലേ, ജമ്മു, ശ്രീനഗർ, അമൃത്സർ, എന്നിവിടങ്ങളിൽ നിന്നുള്ള വിമാനസർവീസുകൾ താത്കാലികമായി നിർത്തിവയ്ക്കുന്നതായി എയർലൈൻ കമ്പനികളായ സ്പൈസ്ജെറ്റും, ഇൻഡിഗോയും അറിയിച്ചു. ബിക്കനീറിലേക്കുള്ള സർവീസുകളും ഇൻഡിഗോ

നിർത്തിവയ്ച്ചിട്ടുണ്ട്. യാത്രയ്ക്ക് മുന്നോടിയായി അതത് വിമാനയാത്രാ കമ്പനിയുമായി ബന്ധപ്പെടണമെന്നും നിർദേശമുണ്ട് ഇന്തോ-പാക് അതിർത്തിയിലുള്ള ജമ്മു, സാംബ, കത്വ, രജൗരി, പൂഞ്ച് ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിരിക്കുകയാണ്. ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവയ്ച്ചതായി കശ്മീർ സർവകലാശാല അറിയിച്ചു.

&&&&&&&&&&&&&&&&&&&

## MOCK DRILL

രാജ്യത്തെ സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന് സംസ്ഥാനങ്ങളിൽ ഇന്ന് മോക്ക് ഡ്രിൽ നടക്കും. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനം, വ്യോമസേനയുമായുള്ള റേഡിയോ കമ്യൂണിക്കേഷൻ, കൺട്രോൾ റൂമുകളുടെ പ്രവർത്തനം എന്നിവ മോക്ക് ഡ്രില്ലിലൂടെ വിലയിരുത്തും. കേരളത്തിലെ എല്ലാ ജില്ലകളിലും ഇന്ന് വൈകുന്നേരം നാല് മണിക്കാണ് മോക്ക് ഡ്രിൽ നടക്കുന്നത്. ആക്രമണ ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ഇതിലൂടെ ബോധവത്കരണം നൽകും. ജില്ലാ കളക്ടർമാർക്കാണ് മോക്ക് ഡ്രില്ലിൻറെ നടത്തിപ്പ് ചുമതല. പൊതുജനങ്ങളും, സ്ഥാപനങ്ങളും സംഘടനകളും ഇതുമായി സഹകരിക്കണമെന്ന് ചീഫ് സെക്രട്ടറി എ ജയതിലക് അഭ്യർത്ഥിച്ചു. മോക്ക് ഡ്രിൽ സമയത്ത്

സൈറൺ മുഴങ്ങുമ്പോൾ എല്ലാ ലൈറ്റുകളും, ഗ്യാസ്/വൈദ്യുത

ഉപകരണങ്ങളും ഓഫ് ചെയ്യണമെന്നാണ് നിർദ്ദേശം. വീടിനുള്ളിലെ ഏറ്റവും സുരക്ഷിതമായ ഇടത്തേക്ക് ബ്ലാക്ക് ഔട്ട് സമയത്ത് മാറേണ്ടതാണ്. പൊതുസ്ഥലങ്ങളിൽ നിൽക്കുന്നവർ അടുത്തുള്ള സുരക്ഷിതമായ കെട്ടിടങ്ങളിലേക്കും മാറണം. ദീർഘമായ സൈറൻ മുന്നറിയിപ്പും, ചെറിയ സൈറൻ സുരക്ഷിതമാണെന്ന അറിയിപ്പുമാണ്. ബ്ലാക്ക് ഔട്ട് സമയത്ത് കുട്ടികളുടെയും വളർത്തുമൃഗങ്ങളുടെയും സുരക്ഷ പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

&&&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. ഈഡൻ ഗാർഡൻസിൽ വൈകുന്നേരം 07:30 ന് ആണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി. ഇതോടെ പോയിൻറ് പട്ടികയിൽ ഗുജറാത്ത് ഒന്നാം സ്ഥാനത്തെത്തി.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&
&&&

&&

&